ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.06.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). ഭാരതീയ പൈതൃകത്തിന്റെയും സംസ്കാരത്തിന്റെയും വിപുലീകരണം ലോകമെമ്പാടും നടക്കുന്നത് അഭിമാനകരമെന്ന് പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാതിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.

Nation proudly celebrates the expansion of Indian heritage and culture across the world says PM Narendra Modi in his monthly radio program Mann Ki Baat.

2). കഴിഞ്ഞ ദശകത്തിൽ രാജ്യത്തെ വനവിസ്തൃതി അഭൂതപൂർവ്വമായി വർദ്ധിച്ചെന്നും അമ്മയുടെ പേരിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്ന പ്രചാരണ പരിപാടി വേഗത്തിലാക്കണമെന്നും പ്രധാനമന്ത്രി.

The Prime Minister says that the forest area of the country has increased tremendously in the last decade and he appeals the people to promote the Ek Ped Maa Ke Naam campaign.

3). കേരളത്തിലെ അട്ടപ്പാടിയിൽ ആദിവാസി സ്ത്രീകൾ നിർമിക്കുന്ന കാർത്തുമ്പി കുടകൾ വോക്കൽ ഫോർ ലോക്കലിന് മികച്ച ഉദാഹരണമെന്ന് മൻ കി ബാതിൽ പ്രധാനമന്ത്രി.

Karthumpi umbrellas made by the Tribal women in Attapadi, Kerala are a good example of vocal for local says PM Modi in Mann ki Baat.

4). രാജ്യത്തെ മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ നാളെ പ്രാബല്യത്തിൽ വരും.

Three new criminal laws in the country will come into effect tomorrow.

## 5). ട്വൻ്റി -20 ലോകകപ്പ് കിരീടം കരസ്ഥമാക്കിയ ഇന്ത്യൻ ക്രിക്കറ്റ് താരങ്ങളെ ഫോണിലൂടെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.

**PM Narendra Modi congratulates the Indian cricketers for winning the T20 World Cup.**

==============================

**MKB FIRST STORY**

ഭാരതീയ പൈതൃകത്തിന്റെയും സംസ്കാരത്തിന്റെയും വിപുലീകരണം ലോകമെമ്പാടും നടക്കുന്നത് അഭിമാനകരമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്തിന്റെ 111 ആം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പൊതുതിരഞ്ഞെടുപ്പിന് ശേഷമുള്ള ആദ്യത്തെ മൻ കി ബാത്ത് പ്രക്ഷേപണമായിരുന്നു ഇത്. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഫെബ്രുവരി മുതൽ മൻ കി ബാത്തിൽ ഉണ്ടായ ഇടവേളക്ക് ശേഷം ജനങ്ങളുമായി സംവദിക്കാൻ കഴിഞ്ഞതിൽ പ്രധാനമന്ത്രി ആഹ്ളാദം പങ്കുവച്ചു. രാജ്യത്തിന്റെ സമ്പന്നമായ സംസ്കാരവും, മഹത്തായ ചരിത്രവും വികസിത ഭാരതത്തിനായുള്ള ശ്രമങ്ങളും പരിപാടിയിലൂടെ ചർച്ച ചെയ്യാമെന്നും പ്രധാനമന്ത്രി പറഞ്ഞു.

==============================

**MKB-3 (ELECTION & HUL DIWAS)**

ലോകത്തിലെ ഏറ്റവും വലിയ തെരഞ്ഞെടുപ്പായിരുന്നു 2024ലെ തിരഞ്ഞെടുപ്പെന്ന് പ്രധാനമന്ത്രി പറഞ്ഞു.
65 കോടി ജനങ്ങൾ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്തു.
ഭരണഘടനയിലും രാജ്യത്തിന്റെ ജനാധിപത്യ വ്യവസ്ഥിതിയിലും അചഞ്ചലമായ വിശ്വാസം ആവർത്തിച്ചതിന് ജനങ്ങൾക്ക് നന്ദി പറഞ്ഞ പ്രധാനമന്ത്രി, തിരഞ്ഞെടുപ്പ് കമ്മീഷനെയും വോട്ടിംഗ് പ്രക്രിയയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരെയും അഭിനന്ദിച്ചു.
സന്താളി യുവാക്കളെ ഒന്നിപ്പിച്ച് ബ്രിട്ടീഷുകാർക്കെതിരെ 1855 ൽ പോരാടിയ സിദ്ധോ-കാൻഹുവിന്റെ സമരണയിൽ രാജ്യത്തെ

ആദിവാസി സഹോദരങ്ങൾ ഇന്ന് 'ഹൂൽ ദിവസ്' ആഘോഷിക്കുന്നു. പോരാട്ടത്തിൽ അത്ഭുതകരമായ ധീരത കാണിച്ച് സിദ്ധോയും കാൻഹുവും രക്തസാക്ഷികളായി. ഝാർഖണ്ഡിന്റെ ഈ അനശ്വരപുത്രന്മാരുടെ ത്യാഗം ഇന്നും ജനങ്ങളെ പ്രചോദിപ്പിക്കുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു.

==============================

**MAN KI BAAT- PED MAAM KE NAAM - (INTRO)**

ഈ വർഷം ലോക പരിസ്ഥിതിദിനത്തിൽ ആരംഭിച്ച മരം നടൽ പദ്ധതിയെക്കുറിച്ചും പ്രധാനമന്ത്രി നരേന്ദ്രമോദി മൻ കി ബാതിൽ പറഞ്ഞു. അമ്മയുടെ പേരിൽ ഒരു മരം എന്ന പദ്ധതിയുടെ ഭാഗമായി താനും ഒരു മരം നട്ടിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അമ്മമാരോടൊപ്പമോ അവരുടെ പേരുകളിലോ ഒരു മരം നടാൻ ലോകത്തിലെ എല്ലാ പൗരന്മാരോടും  താൻ അഭ്യർത്ഥിച്ചിരുന്നു. ആളുകൾ അവരുടെ അമ്മമാർക്കൊപ്പമോ അവരുടെ ഫോട്ടോകൾക്കൊപ്പമോ മരം നട്ടുപിടിപ്പിക്കുന്ന ചിത്രങ്ങൾ സമൂഹമാധ്യമങ്ങളിൽ പങ്കുവയ്ക്കുന്നു.  അമ്മയോടുള്ള സ്നേഹം പ്രകടിപ്പിക്കാൻ എല്ലാവർക്കും അതുല്യമായ അവസരമാണ് ഈ കാമ്പയിൻ നൽകിയതെന്നും ശ്രീ മോദി അഭിപ്രായപ്പെട്ടു.

(HOLD FOR VOICE...)

ഭൂമിയും ഒരമ്മയെപ്പോലെ നമ്മെ പരിപാലിക്കുന്നവെന്നും അതിനാൽ അമ്മയായ ഭൂമിയെ പരിപാലിക്കേണ്ടത് നമ്മുടെ കടമയാണെന്നും ശ്രീ നരേന്ദ്രമോദി ഓർമിപ്പിച്ചു. അമ്മയുടെ പേരിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്ന പ്രചാരണം വേഗത്തിലാക്കണമെന്നും പ്രധാനമന്ത്രി ആവശ്യപ്പെട്ടു. കഴിഞ്ഞ ദശകത്തിൽ എല്ലാവരുടെയും ശ്രമഫലമായി രാജ്യത്ത് വനവിസ്തൃതി അഭൂതപൂർവ്വമായി വർദ്ധിച്ചു.  അമൃത് മഹോത്സവ വേളയിൽ 60,000-ത്തിലധികം അമൃത് സരോവറുകൾ നിർമ്മിച്ചതായും പ്രധാനമന്ത്രി പറഞ്ഞു.

==========================

**MAN KI BAAT- UMBRELLA - (INTRO)**

കേരളത്തിലെ അട്ടപ്പാടിയിൽ നിർമിക്കുന്ന കാർത്തുമ്പി കുടകൾ വോക്കൽ ഫോർ ലോക്കലിന് മികച്ച ഉദാഹരണമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആദിവാസി സഹോദരിമാർ ഒരുക്കുന്നു എന്നതാണ് വർണ്ണാഭമായ കാർത്തുമ്പിക്കുടകളുടെ പ്രത്യേകത. വട്ടലക്കി സഹകരണ അഗ്രികൾച്ചറൽ സൊസൈറ്റി'യുടെ മേൽനോട്ടത്തിലാണ് ഈ കുടകൾ നിർമ്മിക്കുന്നതെന്നും ശ്രീ മോദി ചൂണ്ടിക്കാട്ടി.

(HOLD VOICE..............)

ഇന്ന് കേരളത്തിലെ ചെറു ഗ്രാമത്തിൽ നിന്ന് ബഹുരാഷ്ട്ര കമ്പനികളിലേക്കുള്ള യാത്ര പൂർത്തിയാക്കുകയാണ് കാർത്തുമ്പി കുടയെന്നും പ്രധാനമന്ത്രി പറഞ്ഞു.

==========================

**Man ki Baat- 1 (Local Products Sanskrit) - (INTRO)**

ലോകമെമ്പാടും വലിയ ഡിമാൻഡുള്ള ഭാരതത്തിന്റെ നിരവധി ഉൽപ്പന്നങ്ങളുണ്ടെന്ന് പറഞ്ഞ പ്രധാനമന്ത്രി, ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി ചന്ദ്രബാബു നായിഡുവിനോപ്പം അരകു കാപ്പി ആസ്വദിച്ചത് അനുസ്മരിച്ചു. ഒന്നരലക്ഷത്തോളം ആദിവാസി കുടുംബങ്ങൾ അരക്കു കാപ്പി കൃഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു. പ്രാദേശിക ഉത്പന്നങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ പ്രാധാന്യം അടിവരയിട്ട ശ്രീ. മോദി, അത്തരം ഉൽപ്പന്നങ്ങൾ #myproductsmypride എന്ന ഹാഷ് ടാഗിലൂടെ സമൂഹമാധ്യമങ്ങളിൽ പങ്കിടാൻ ആവശ്യപ്പെട്ടു. ആകാശവാണി സംസ്കൃത ബുള്ളറ്റിൻ പ്രക്ഷേപണം ആരംഭിച്ചതിന് 50 വർഷം തികയുകയാണ് ഇന്നെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

(PM VOICE..... HOLD)

പുരാതന ഭാരതീയ വിജ്ഞാനത്തിന്റെയും ശാസ്ത്രത്തിന്റെയും പുരോഗതിയിൽ സംസ്കൃതത്തിന് വലിയ പങ്കുണ്ട്. സംസ്കൃതത്തെ ബഹുമാനിക്കുകയും നമ്മുടെ ദൈനംദിന ജീവിതവുമായി അതിനെ ബന്ധിപ്പിക്കുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും ശ്രീ. നരേന്ദ്ര മോദി പറഞ്ഞു.

==============================

**MKB-2 (OLYMPICS,YOGA & KUWAIT)- (INTRO)**

അടുത്ത മാസം ആരംഭിക്കുന്ന പാരീസ് ഒളിമ്പിക്സിൽ പങ്കെടുക്കുന്ന ഇന്ത്യൻ കായിക താരങ്ങൾക്ക് പ്രധാനമന്ത്രി
മൻ കി ബാത്തിലൂടെ ആശംസകൾ നേർന്നു. ടോക്കിയോ ഒളിമ്പിക്സിലും കുറച്ച് മാസങ്ങൾക്ക് മുമ്പ് നടന്ന ലോക പാരാ അത്ലറ്റിക് ചാമ്പ്യൻഷിപ്പിലും ഇന്ത്യൻ താരങ്ങൾ നടത്തിയ മികച്ച പ്രകടനം ശ്രീ. മോദി എടുത്തുപറഞ്ഞു. ഒളിമ്പിക്സിലും നമ്മുടെ താരങ്ങൾ മികച്ച പ്രകടനം കാഴ്ചവെക്കുമെന്ന പ്രതീക്ഷയിലാണ് രാജ്യമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പത്താമത് യോഗദിനം ലോകമെമ്പാടും ആവേശത്തോടെയാണ് ആഘോഷിച്ചതെന്നും പ്രധാനമന്ത്രി അനുസ്മരിച്ചു. ലോകത്തിന്റെ എല്ലാ കോണുകളിലും യോഗ ചെയ്യുന്ന ആളുകളുടെ ദൃശ്യങ്ങൾ നാം കണ്ടു. യോഗാ ദിനാഘോഷങ്ങളിൽ പങ്കെടുത്തവർക്ക് നന്ദി പ്രകടിപ്പിച്ച പ്രധാനമന്ത്രി, പതിവായി യോഗ ചെയ്യാൻ ആഹ്വാനം ചെയ്തു.

(HOLD VOICE.... PM)

കുവൈറ്റ് സർക്കാർ ദേശീയ റേഡിയോയിൽ ഹിന്ദിയിൽ ഒരു പ്രത്യേക പരിപാടി ആരംഭിച്ചതായും, ഭാരതീയ സംസ്കാരത്തിന്റെ വിവിധ ഘടകങ്ങൾ ഈ പരിപാടിയിൽ ഉൾപ്പെടുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു. പരിപാടി ആരംഭിച്ചതിന് കുവൈറ്റ് സർക്കാരിനും ജനങ്ങൾക്കും ശ്രീ. മോദി നന്ദി അറിയിച്ചു. പ്രശസ്തരായ 24 ലോക കവികളുടെ പ്രതിമകൾ അടുത്തിടെ തുർക്ക്മെനിസ്ഥാൻ പ്രസിഡന്റ് അനാച്ഛാദനം ചെയ്തു.

ഇവയിലൊന്ന് ഗുരുദേവ് രവീന്ദ്രനാഥ ടാഗോറിന്റേതാണ്. ഇത് ഭാരതത്തിന് ലഭിച്ച ബഹുമതിയാണെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. പുരി രഥയാത്ര, അമർനാഥ് യാത്ര, പണ്ഡർപൂർ വാരി എന്നിവയിൽ പങ്കെടുക്കുന്ന ഭക്തജനങ്ങൾക്കും, കച്ചി പുതുവത്സരം - ആഷാഢി ബീജ് ഉത്സവം എന്നിവയുമായി ബന്ധപ്പെട്ടും ആശംസകൾ നേർന്നു കൊണ്ടാണ് പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്തിന്റെ 111-ആം പതിപ്പ് പ്രധാനമന്ത്രി അവസാനിപ്പിച്ചത്.

==============================

## PREZ-HOOL DIWAS

ഹൂൽ ദിവസിൽ സന്താൾ കലാപത്തിലെ അനശ്വര പോരാളികൾക്ക് രാഷ്ട്രപതി ദ്രൗപദി മുർമു ശ്രദ്ധാഞ്ജലി അർപ്പിച്ചു. അനീതിക്കെതിരെ ചരിത്രയുദ്ധം നടത്തിയ സിദോ-കാൻഹു, ചന്ദ്-ഭൈരവ്, ഫൂലോ-ഝാനോ തുടങ്ങിയ വീരന്മാരുടെ ത്യാഗത്തിന്റെ കഥകളാണ് സുവർണ ലിപികളാൽ എഴുതപ്പെട്ടിരിക്കുന്നതെന്ന് രാഷ്ട്രപതി സമൂഹമാധ്യമക്കുറിപ്പിൽ പറഞ്ഞു. ആ വിപ്ലവകാരികളുടെ ആദർശങ്ങൾ എന്നും പ്രചോദനത്തിന്റെ ഉറവിടമായി നിലനിൽക്കുമെന്നും രാഷ്ട്രപതി വ്യക്തമാക്കി.

==============================

## NEW CRIMINAL LAWS

രാജ്യത്ത് മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ നാളെ മുതൽ പ്രാബല്യത്തിൽ വരും. ഐപിസിക്ക് പകരമായി ഭാരതീയ ന്യായസംഹിതയും സിആർപിസിക്ക് പകരമായി ഭാരതീയ നാഗരിക് സുരക്ഷാസംഹിതയും, ഇന്ത്യൻ തെളിവ് നിയമത്തിനു പകരമായി ഭാരതീയ സാക്ഷ്യ അധിനിയവും ആണ് നിലവിൽ വരുന്നത്. കഴിഞ്ഞ വർഷത്തെ ശീതകാല സമ്മേളനത്തിലാണ് പാർലമെന്റ് ബില്ലുകൾ പാസാക്കിയത്. പുതിയ ക്രിമിനൽ

നിയമങ്ങൾ ഇന്ത്യൻ പൗരന്മാരെ ശാക്തീകരിക്കുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പായി വിലയിരുത്തപ്പെടുന്നു. എല്ലാവർക്കും പ്രാപ്യവും പിന്തുണ നൽകുന്നതും കാര്യക്ഷമവുമായ നീതിന്യായ വ്യവസ്ഥ സൃഷ്ടിക്കാൻ ഇവ ലക്ഷ്യമിടുന്നു. സംഭവങ്ങൾ ഓൺലൈനായി റിപ്പോർട്ട് ചെയ്യുക, ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ എഫ്ഐആർ ഫയൽ ചെയ്യുക, ഇരകൾക്ക് എഫ്ഐആറിൻ്റെ സൗജന്യ പകർപ്പ് ലഭ്യമാക്കുക എന്നിവ നിയമങ്ങളിലെ പ്രധാന വ്യവസ്ഥകളിൽ ഉൾപ്പെടുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് മുൻഗണന നൽകി, രണ്ട് മാസത്തിനുള്ളിൽ സമയബന്ധിതമായി പൂർത്തിയാക്കുമെന്നും പുതിയ നിയമങ്ങൾ ഉറപ്പ് നൽകുന്നു.

==============================

## ARMY CHIEF OATH

ഇന്ത്യൻ കരസേന മേധാവിയായി ലഫ്റ്റനൻറ് ജനറൽ ഉപേന്ദ്ര ദ്വിവേദി ചുമതലയേറ്റു. ജനറൽ മനോജ് പാണ്ഡെയുടെ 26 മാസത്തെ കാലാവധി പൂർത്തിയാകുന്ന സാഹചര്യത്തിലാണ് പുതിയ മേധാവി ചുമതലയേറ്റത്.

==============================

## WEATHER

രാജ്യത്തിന്റെ വടക്കുപടിഞ്ഞാറൻ മേഖലയിൽ വരും ദിവസങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് മുന്നറിയിപ്പ്. അടുത്ത രണ്ടു ദിവസം പടിഞ്ഞാറൻ രാജസ്ഥാൻ, ഹരിയാന, ചണ്ഡീഗഢ്, പഞ്ചാബ്, പടിഞ്ഞാറൻ ഉത്തർപ്രദേശ്, ഹിമാചൽ പ്രദേശ്, ജമ്മു എന്നിവിടങ്ങളിൽ കാലവർഷം ശക്താമായേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കേരളത്തിൽ കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത

നൽകിയിട്ടുണ്ട്. ലക്ഷദ്വീപ് - കർണ്ണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പ് നൽകി.

============================

## T 20 CRICKET

ടി-20 ലോകകപ്പ് കിരീടം കരസ്ഥമാക്കിയ ഇന്ത്യൻ ക്രിക്കറ്റ് താരങ്ങളെ ഫോണിൽ  നേരിട്ട് വിളിച്ച് അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ടൂർണമെൻറിലുടനീളം മികച്ച പ്രകടനമാണ് ടീം കാഴ്ചവച്ചതെന്ന് പ്രധാനമന്ത്രി പറഞ്ഞു.  രോഹിത് ശർമ, വിരാട് കോഹ്ലി, പരിശീലകൻ രാഹുൽ ദ്രാവിഡ് എന്നിവരെ നേരിട്ട് വിളിച്ചതായ് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ടി-20 ക്രിക്കറ്റിന്  രോഹിത് ശർമയെയും വിരാട് കോഹ്ലിയെയും നഷ്ടപ്പെടുമെങ്കിലും  പുതു തലമുറയിലെ കളിക്കാർക്ക് ഇരുവരും എന്നും പ്രചോദനമായിരിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. രാഹുൽ ദ്രാവിഡിൻ്റെ മികവാർന്ന പരിശീലനമാണ് ഇന്ത്യൻ ക്രിക്കറ്റിൻ്റെ വിജയത്തെ രൂപപ്പെടുത്തിയതെന്ന്  ശ്രീ മോദി പറഞ്ഞു. അദ്ദേഹത്തിൻ്റെ സംഭാവനകൾക്കും തലമുറകളെ പ്രചോദിപ്പിച്ചതിനും ഇന്ത്യ കടപ്പെട്ടിരിക്കുന്നതായും പ്രധാനമന്ത്രി വ്യക്തമാക്കി.

============================

===============

========